# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 569 — 26.04.2017-ൽ മറുപടിയ്ക്ക്

**കേരള ബാങ്ക് രൂപവൽക്കരണത്തിന്റെ സാധ്യതയും പ്രശ്നങ്ങളും പഠിക്കാൻ വിദഗ്ധ സമിതി**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരള ബാങ്ക് രൂപവൽക്കരണത്തിന്റെ സാധ്യതയും പ്രശ്നങ്ങളും പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകളും, വിവിധ വശങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയിലെ അംഗങ്ങൾ ചുവടെ ചേർക്കുന്നവരാണ്.<br>1. ശ്രീ. എം.എസ്.ശ്രീറാം, പ്രൊഫസർ, ഐ.എ.എം. ബാംഗ്ലൂർ - ചെയർമാൻ<br>2. ശ്രീ. വി.എസ്. സെന്തിൽ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം.<br>3. ശ്രീ. സി.പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം<br>4. ശ്രീ. റ്റി.പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം<br>5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി. |
| (ബി) സമിതി എത്ര ദിവസത്തിനുള്ളിലാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ; | (ബി) | സമിതി 27.04.2017 നകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന സഹകരണ ബാങ്കിൽ 283 ജീവനക്കാരും എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലുമായി 6097 ജീവനക്കാരുമുണ്ട്. |
| (ഡി) | രണ്ട് ബാങ്കുകൾക്കുമായി എത്ര ശാഖകളുണ്ട്; ശാഖകളെല്ലാം കേരള ബാങ്കിന്റെതാകുമ്പോൾ ജീവനക്കാരുടെ പുനർവിന്യാസം, വായ്പ, തീരുമാനത്തിലുണ്ടാകുന്ന കേന്ദ്രീകൃത നയം എന്നിവയെക്കുറിച്ച് നിലവിലുള്ള ആശങ്ക അകറ്റാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലുമായി 821 ശാഖകളുണ്ട്. ജീവനക്കാരുടെ പുനഃർവിന്യാസം, വായ്പാ, തീരുമാനത്തിലുണ്ടാകുന്ന കേന്ദ്രീകൃത നയം എന്നിവയെക്കുറിച്ച് വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷമേ തീരുമാനത്തിന് പരിഗണിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ